123 (1172) വെറ്റില, അടയ്ക്കാ കൃഷികൾ നിരുത്സാഹപ്പെടുത്താൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുകവലി, വെറ്റിലമുറുക്ക് ഇവ ആരോഗ്യത്തിന് ഹാനികരമാകയാൽ വെറ്റില, അടയ്ക്ക, പുകയില ഇവയുടെ കൃഷി നിരുത്സാഹപ്പെടുത്താനും ഇതിന് പകരമായി മറ്റിതര കൃഷികൾ നടത്തുവാൻ കർഷകർക്ക് ധന സഹായം, സബ്സിഡി ഇവ നൽകാൻ ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(ബി) പുതുതായി കവുങ്ങ്, വെറ്റില പുകയില കൃഷികൾ ആരംഭിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇപ്പോൾ പരിഗണനയിലില്ല.

124 (1173) നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻ നടപടി

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹരിത സ്റ്റാളുകളിലെയും ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫീസുകളിലെയും നിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്ന് ഗവണ്മെന്റ് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഒരു പ്രതി ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഇതു സംബന്ധിച്ച് മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ഹോർട്ടികോർപ്പിനും ബാധകമാണ്. പ്രത്യേക നിർദ്ദേശം നല്കേണ്ട ആവശ്യമില്ല. ഹോർട്ടികോർപ്പ് നിയമനങ്ങൾ പി.എസ്. സി. ക്ക് വിടുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

125 (1176) ഹോർട്ടികൾച്ചറൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഹോർട്ടികൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ഏതെല്ലാം ഗ്രേഡിലുള്ള എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) ഇവരെ പിരിച്ചുവിടാനുള്ള കാരണം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly